'SWAMY SARANAM'

# TRAVANCORE DEVASWOM BOARD

OFFICE OF THE ASSISTANT ENGINEER, SDP, NILACKAL

## ലേലപരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിൻറെ ഉടമസ്ഥതയിലുള്ള നിലക്കൽ ബേസ് ക്യാമ്പിൽ പുതിതായി നിർമ്മാണം ആരംഭിക്കുന്ന ഹോസ്പിറ്റൽ കെട്ടിടത്തിന് തടസ്സമായി നിൽക്കുന്ന പാർക്കിംഗ് നമ്പർ -21 ലെ ശിഖരങ്ങളോട് കൂടിയ 30 എണ്ണം റബ്ബർ മരങ്ങൾ, കൂടാതെ നിലക്കൽ ബേസ് ക്യാമ്പിലെ പോലീസ് സ്റ്റേഷന് സമീപത്തായി പാർക്കിംഗ് ലോട്ട് 8, 4, 8A , 4A , ഓക്സിഡേഷൻ പോണ്ടിനു സമീപം , ത്രിവേണി ജംഗ്ഷനിലെ പുതിയ പാർക്കിംഗ് ഗ്രൗണ്ടിന് സമീപം, എക്സിറ്റ് റോഡിൻറെ വലതു വശം എന്നിവിടങ്ങളിലെ 600 എണ്ണം റബ്ബർ മരങ്ങൾ ഉൾപ്പെടെ 630 എണ്ണം റബ്ബർ മരങ്ങൾ 31/01/2026 പകൽ 2.00 മണിക്ക് നിലക്കൽ ദേവസ്വത്തിൽ വെച്ച് പരസ്യമായി ലേലം ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു (Board ROC No:11506/25/M dated: 07/11/2025 & Board ROC No: 10965/25/എം dated: 01/11/2025). ഇതോടനുബന്ധിച്ച ക്വട്ടേഷൻ നൽകുവാൻ ഉദ്ദേശിക്കുന്നവർ സീൽഡ് കവറിൽ ക്വട്ടേഷൻ അന്നേദിവസം പകൽ 12.30 ന് മുൻപായി നിലക്കൽ ദേവസ്വത്തിൽ സമർപ്പിക്കേണ്ടതാണ്. താമസിച്ച ലഭിക്കുന്ന ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ പകൽ 12.30 ന് മുൻപായി നിലക്കൽ ദേവസ്വത്തിൽ 35000/- രൂപ കെട്ടിവെച്ച പേരുകൾ രെജിസ്റ്റർ ചെയ്യേണ്ടതാണ്. ലേലത്തിൽ/ ക്വട്ടേഷനിൽ പങ്കെടുക്കുന്നവർക്ക് മേല്പടി മരങ്ങൾ ആഫീസ് സമയങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ അനുവാദത്തോടെ നേരിൽ കാണാവുന്നതാണ്. ലേല നടപടികൾക്ക് ശേഷം സീൽ ചെയ്ത ക്വട്ടേഷനുകൾ തുറക്കുന്നതും, ലേലത്തിൽ / ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുക ക്വാട്ട് ചെയ്തിരിക്കുന്ന ആളിന്റെ പേരിൽ ലേലം/ ക്വട്ടേഷൻ ഉറപ്പിക്കുന്നതും, വിജയിയായ ലേലക്കാരൻ / ക്വട്ടേഷൻകാരൻ അന്നേദിവസം തന്നെ പകുതി ലേലത്തുക + അനുവദനീയമായ മുഴുവൻ GST അടക്കം ഒടുക്കുവരുത്തേണ്ടതും , ബാക്കി തുക അടുത്ത 7 പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ ഒടുക്കുവരുത്തേണ്ടതും , അനുവാദം ലഭിക്കുന്ന മുറയ്ക്ക് 15 ദിവസത്തിനകം കേടുപാടുകൾ വരുത്താതെ മരങ്ങൾ തറനിരപ്പിൽ നിന്നും മുറിച്ച മാറ്റേണ്ടതുമാണ്. ലേലം / ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതിനും, യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനും, മാറ്റിവെക്കുന്നതിനുമുള്ള പൂർണ അധികാരം ഡിപ്പാർട്മെന്റിൽ നിക്ഷിപ്തമായിരിക്കും. തിരുവിതാംകൂർ ദേവസ്വം ബോർഡിൻറെ നിലവിലുള്ള എല്ലാ ലേല / ക്വട്ടേഷൻ വ്യവസ്ഥകളും ടി ലേലത്തിനും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് നിലക്കൽ അസിസ്റ്റന്റ് എഞ്ചിനിയർ ആഫീസുമായി ബന്ധപ്പെടേണ്ടതാണ്. ( ഫോൺ നമ്പർ: 9207839574, 8281079100, 8893835650 )

Sd/-

21.01.2026

**അസിസ്റ്റന്റ് എഞ്ചിനീയർ**
SDP- നിലക്കൽ.

aenilackal@gmail.com